## MATTHEW 15:21-28

വിശ്വാജീവിതത്തിൽ മുന്നേറുമ്പോൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള പരിക്ഷകളെയും വെല്ലുവിളികളെയുംകുറിച്ച് അനുസ്മരിപ്പിക്കുകയും വിശ്വാസത്തിൽ വളരുമ്പോൾ നമുക്കുണ്ടായിരിക്കേണ്ട മനോഭാവം എന്തായിരിക്കണമെന്ന് നമ്മെ ബോധവൻമാരാക്കുകയും ചെയ്യുകയാണ് കർത്താവ് ഇന്നത്തെ സുവിശേഷത്തിലൂടെ.

ഒരിക്കൽ കർത്താവ് യഹൂദരുടെ ദേശമായ ഗലീലയാവിട്ട് വിജാതിയരുടെ പ്രദേശമായ ടയർ സീദോൻ ഭാഗത്തെത്തി. അവിടെയുള്ള ഒരു കാനാൻകാരി സ്ത്രീ അവനെ തിരിച്ചറിഞ്ഞു. ക്രിസ്തു ദാവിദിന്റെ പുത്രനായ കർത്താവാണെന്നും, ലോകം പ്രതിക്ഷിച്ചിരുന്ന രക്ഷകനാണെന്നുമെല്ലാം അവൾക്കറിയാം (വ. 22). യഹൂദർപോലും ക്രിസ്തുവിനെ രക്ഷകനായി കാണുകയോ വചനത്തിന്റെ പൂർത്തികരണമായി ആംഗീകരിക്കുകയോ ചെയ്യാതിരുന്ന ആ അവസരത്തിൽ, ഒരു വിജാതിയ സ്ത്രീക്ക് ഇത്രവലിയ വിശ്വാസവും രക്ഷാകരചരിത്രത്തെക്കുറിച്ചുള്ള അറിവും എവിടെനിന്ന് കിട്ടിയെന്ന് നാം അത്ഭുതപ്പെട്ടേക്കാം. എന്നാൽ ദൈവത്തിന്റെ പ്രവർത്തികൾ വിസ്മയകരങ്ങളാണ്. ഈ വലിയ ദാനം സ്വീകരിക്കാൻ കാനാൻകാരിയെ പ്രാപ്തയാക്കിയത് എന്തായിരിക്കാം?

വിശ്വാസജീവിതത്തിൽ വളരെയധികം വളർന്ന അവൾക്ക് കർത്താവിനെ ദർശിക്കാനുള്ള അവസരമുണ്ടാകുന്നു. അത് ഒരു വലിയ ഭാഗ്യമാണ്. എന്നാൽ അപ്പോൾ അവളെ ദുഃഖിപ്പിച്ചുകൊണ് ്ടിരിക്കുന്ന വലിയ ഒരു അനുദിനജീവിത യാഥാർത്ഥ്യമുണ്ട്. അവളുടെ മകൾ പിശാച് ബാധിതയാണ്. ദൈവവും സൗഖ്യദായകനുമായ കർത്താവ് തന്നെ സഹായിക്കുമെന്ന് അവൾ വിശ്വാസിച്ചു. അതിനാൽ അവൾ കരഞ്ഞുകൊണ്ട് അവനോട് ഇങ്ങനെ അപേക്ഷിച്ചു. `കർത്താവേ ദാവിദിന്റെ പുത്രാ, എന്നിൽ കനിയണമേ`. ഈ പ്രാർത്ഥന കേൾക്കപ്പെടുമെന്ന് അവൾ വിശ്വാസിച്ചിരുന്നു. കാരണം താൻ ക്രിസ്തുവിനെ വിശ്വാസിക്കുന്നു എന്നുമാത്രമല്ല അവളുടെ മകൾ അനുഭവിക്കുന്നത് പിശാചിൽ നിന്നുള്ള പീഡനമാണ്. പിശാചിന്റെ ശക്തിയെ തകർക്കാനാണല്ലോ മനുഷ്യപുത്രൻ വന്നത്. കൂടാതെ ക്രിസ്തു തന്റെ മകളെ സുഖപ്പെടുത്തുകയാണെങ്കിൽ അത് ആ ദേശത്തെ അവന്റെ സുവിശേഷവേലയെ സഹായിക്കുകയും ചെയ്യുമല്ലോ. ഇപ്രകാരം അവളുടെ പ്രാർത്ഥന കേൾക്കപ്പെടുകയെന്നത് പൂർണ്ണമായും യുക്തി സഹമായിരുന്നു. ദൈവത്തിൽ നിന്ന് തങ്ങൾ ചോദിക്കുന്നവ ലഭിക്കുമെന്ന ഉറച്ചവിശ്വാസത്തോടെ അസാദ്യമായ പലകാര്യങ്ങളും ചോദിച്ച് വാങ്ങുന്ന അനേകരെ നമുക്കുചുറ്റും കാണാൻകഴിയും

എന്നാൽ ഇപ്രകാരം കർത്താവിൽ പൂർണ്ണമായി പ്രത്യാശയർപ്പിച്ചുകൊണ്ടുള്ള അവളുടെ പ്രാർത്ഥനയ്ക്കുമുമ്പിൽ ക്രിസ്തു നിസംഗനേപ്പോലെ കാണപ്പെട്ടു. അവൻ അവൾക്ക് ഒരു ഉത്തരവും നല്കിയില്ല. അവളുടെ വികാരങ്ങൾ വ്രണപ്പെട്ടുവോ?

തന്റെ പ്രാർത്ഥനയോട് യാതൊരു പ്രതികരണവും കാണിക്കാതെ നടന്നുനീങ്ങിന്ന കർത്താവിന്റെ പിന്നാലെ അവൾ കരഞ്ഞുകൊണ്ട് നടക്കുകയാണ് അപ്പോൾ ചെയ്തത്. ഈ ദയനീയമായ കാഴ്ചകണ്ട ശിഷ്യന്മാർ പ്രതികരിച്ചു. അവർ അവനോട് പറഞ്ഞു അവളെ (വേണ്ടതു നല്കി) പറഞ്ഞയയ്ക്കുക. ഇത് ഒരു മദ്ധ്യസ്ഥപ്രാർത്ഥനയാണെന്ന് കരുതാം. മറ്റുള്ളവരുടെ പ്രാർത്ഥനയുടെ ഫലമായി അനേകം നന്മകൾ സ്വീകരിച്ചവരെ നമുക്കുചുറ്റും കാണാൻകഴിയും. കർത്താവ് തന്നെ ഇപ്രകാരം പറഞ്ഞിട്ടുണ്ട് `ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ച് ചോദിക്കുന്ന ഏതുകാര്യവും എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിറവേറ്റിതരും`(മത്തായി 18.19 ); `ഞാൻ പറയുന്നു പ്രർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുകയും; നിങ്ങൾക്ക് ലഭിക്കുകതന്െ ചെയ്യും` (മർക്കോ 11.24). പ്രാർത്ഥന തീക്ഷണമായിരുന്നിട്ടും, വിശ്വാസത്തിന് കുറവില്ലാതിരുന്നിട്ടും, മറ്റുള്ളവരെല്ലാം അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടും, ഫലം കാണാതിരുന്ന ഒരു പ്രാർത്ഥനയാണ് കാനാൻകാരിയുടെത്. എന്നിട്ടും അവളുടെ വിശ്വാസം ജ്വലിച്ചുതന്നെനിന്നു.

ശിഷ്യൻമാരുടെ പ്രാർത്ഥകേട്ട കർത്താവ് കാനാൻകാരി കേൾക്കേ ഇപ്രകാരം അവരോട് പറഞ്ഞു `ഇസ്രായേൽ ഭവനത്തിനെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് ഞാൻ അയ്ക്കപ്പെട്ടിരിക്കുന്നത് (വ. 24). അങ്ങനെ അവൾ തന്നിൽ നിന്ന് ഒന്നും പ്രതിക്ഷിക്കേണ്ടതില്ലെന്ന ഭാവത്തിൽ അവൻ സംസാരിച്ചു. മത്തായിയുടെ വീക്ഷണത്തിൽ ദൈവത്തിന്റെ രക്ഷാകര പദ്ധതി പൂർത്തിയാകേണ്ടത് ദൈവജനമായ യഹൂദരിലൂടെയാണ്. അതുകൊണ്ടാണ് കർത്താവ് ഇപ്രകാരം പറയുന്നത് (മത്തായി 10.5 കാണുക). കർത്താവ് ഇപ്രകാരം സംസാരിച്ചിട്ടും കാനാൻകാരി എന്തുകൊണ് ടണ് വ്രണിതഹൃദയയാകിരുന്നത്? ചെറിയകാര്യങ്ങൾ ഉണ്ടാകുമ്പോൾ ഹൃദയം വ്രണപ്പെടുകയും, ബന്ധങ്ങൾ തകർക്കുകയും, വിശ്വാസജീവിത്തിന്റെ ദൃശ്യാടയാളങ്ങളായ കൂദാശകൾ മുടക്കുകയും ചെയ്യുന്നവരെ പലപ്പോഴും നാം കണ്ടുമുട്ടാറുണ്ട്. കാരണമെന്തന്നാൽ അവരെ സംബന്ധിച്ചിടത്തോളം അവരുടെ വികാരങ്ങളും അഭിമാനവുമാണ് വിശ്വാസത്തെക്കാളും ദൈവത്തെക്കാളും വലുതായി പ്രായോഗിക ജീവിത്തിൽ അവർക്ക് അനുഭവപ്പെടാറുള്ളത്. നൈമിഷിക വികാരങ്ങൾക്കപ്പുറം ദൈവഹിതം നിറവേറ്റാൻ കഴിയണമെങ്കിൽ കാനാൻകാരിയെപ്പോലുള്ള ലക്ഷ്യബോധവും (മകളുടെ രോഗം സുഖമാകണമെന്ന ഒരേയൊരു ചിന്തമാത്രം) ദൈവതിരുമുമ്പിൽ അതിരുകളില്ലാത്ത ആത്മസമർപ്പണവും അനിവാര്യമാണ്.

തന്നിൽനിന്ന് ഒന്നും പ്രതീക്ഷിക്കേണ്ടതില്ല എന്നവിധത്തിൽ കർത്താവ് സംസാരിച്ചിട്ടും കാനാൻകാരി കർത്താവിനെ വിട്ടുപോയില്ല. കാരണം മറ്റൊന്നുമല്ല, കർത്താവ് വാഗ്ദാനങ്ങളുടെ പൂർത്തികരണമായ ദൈവപുത്രനാണെന്ന് അവൾക്കറിയാമായിരുന്നു. വിജാതിയയായിരുന്നിട്ടും അവൾ അവനെ വിളിക്കുന്നത് കർത്തവേ, ദാവിതിന്റെ പുത്രായെന്നാണ്. അവന് മാത്രമേ പിശാചിനെതിരെ പടവെട്ടാൻ കഴിയൂ. അതിനാൽ അവന്റെ സന്നിധിയിലല്ലാതെ മറ്റൊരിടത്തും രക്ഷകണ്ടെത്തുക സാധ്യമല്ലന്നവൾക്കറിയാം. അവൾ അവന്റെ മുമ്പിലേക്ക് വന്ന് അവനെ ആരാദിച്ചുകൊണ്, തന്നെ സഹായിക്കണമേയെന്ന് വീണ്ടും നിലവിളിച്ചു.

ഏറ്റവും ഹൃദയഭേതകമായ ഒരു രംഗമാണ് തുടർന്നുവരുന്നത്. തന്റെ മുമ്പിൽ നിസ്സാഹയയായി കരഞ്ഞുകൊണ്ട് നിൽക്കുന്ന ആ സ്ത്രീയുടെ മുമ്പിൽ നിസംഗനെന്നവണ്ണം നിന്നുകൊണ്ട് കർത്താവ് പറയുന്നത് ഇങ്ങനെയാണ്: `മക്കളുടെ അപ്പമെടുത്ത് നായിക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല`. ഇല്ലാത്തവനെ അവഹേളിക്കുന്നുവെന്ന് തോന്നിക്കുന്ന ക്രൂരവാക്കുകൾ. എന്നാൽ വിശ്വാസജീവിതത്തിന്റെ ആഴം അറിയുന്നവർക്ക് മനസ്സിലാകും ദൈവത്തിന്റെ നിശബ്ദതയും നിസ്സംഗതയും രക്ഷാദായകമാണെന്ന്. തന്നെ ക്രിസ്തുകേൾക്കുന്നില്ലെന്നും അവഹേളിക്കുകയാണെന്നും തോന്നിയിട്ടും കാനാൻകാരിയുടെ വിശ്വാസം ക്ഷയിക്കുകയോ അവൾ വ്രണിതഹൃദയയാവുകയോ, അവൾക്ക് പ്രത്യാശ നഷ്ടപ്പെടുകയോ ചെയ്തില്ല. അതിന് വിപരീതമായി അവൾ കർത്താവിന്റെ വാക്കുകളെ അംഗീകരിക്കുകയും തന്നെ ഒരു നായെപ്പോലെയെങ്കിലും അവന്റെ മേശയ്ക്കരുക്കിൽ നിൽക്കാൻ അനുവതിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. കർത്താവ് എളിയവളായ തന്റെ ദാസിയിൽ സംപ്രിതനായി അവൾക്ക് വേണ്ടതെല്ലാം കൊടുത്തു. നമ്മുടെ ജീവിതത്തെ ദൈവം ഏതെല്ലാം വിധത്തിൽ വിഭാവനം ചെയ്താലും അത് അംഗീകരിക്കുകയും അതിനോട് ക്രിയാത്മകമായി പ്രതികരിക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്ന വിനീതമനോഭാവമാണ് വിശ്വാസം എന്നുപറയുന്നത്. വിശ്വാസജീവിത്തിൽ മാതൃകകളായിത്തീരേണ്ട മനഷ്യരെ ദൈവം അഗ്നിശുദ്ധിചെയ്യുന്ന രീതി ചരിത്രത്തിൽ ഉടനീളം കാണാൻകഴിയും. അത് അൽഫോൻസാമ്മയുടെതുപോലുള്ള സഹനമോ, മദർതെരേസായ്ക്കുണ്ടായതുപോലുള്ള ദൈവം ഉണ്ടോ എന്ന സംശയമോ ആകാം. വലിയ പ്രേക്ഷിതയായിരുന്ന മദർതെരേസായ്ക്ക് ദൈവം ഉണ്ടോയെന്ന സംശയം നിലനിന്ന അനേകം ഇരുണ്ടദിനങ്ങൾ തരണം ചെയ്യേണ്ടിവന്നു. ദൈവം തന്നെ കൈവിട്ടുവെന്ന കഠിനമായ അനുഭവം നേരിടേണ്ടിവന്ന ദൈവപുത്രന്റെ ശിഷ്യയാണ് അവൾ. ദൈവം നമ്മുടെ പ്രാർത്ഥനകേൾക്കുകയോ നമ്മുടെ സ്ഥിതി പരിഗണിക്കുകയോ ചെയ്യുന്നില്ല എന്ന ചിന്ത നമ്മിൽ ജനിപ്പിക്കുന്ന വിധത്തിലുള്ള അനുഭവങ്ങൾ നമുക്കുണ്ടാകാം. ഇതിന് ഉദാഹരണമാണ് പഴയ നിയമത്തിലെ ജോബിന്റെ ജീവിതം.

യുക്തിസഹമായിരുന്ന കാനാൻകാരിയുടെ പ്രാർത്ഥന ക്രിസ്തുകേൾക്കണ്ടതുതന്നെയായിരുന്നു. കാരണം അവളുടെ പ്രാർത്ഥന സ്വന്തം കാര്യസാധ്യത്തിനായിരുന്നില്ല (മകൾക്കുവേണ്ടിയുള്ളതായിരുന്നു); ഇത് പിശാചിന്റെ ആധിപത്യത്തിനെതിരെയുള്ളതായിരുന്നു. എന്നാൽ കർത്താവ് ശ്രവിച്ചതായി ഭാവിച്ചില്ല. താൻ സ്നേഹിക്കുന്നവരെ വിശ്വാസത്തിന്റെ മാതൃകകളാക്കാൻ പരീക്ഷണവിധേയരാക്കുന്ന ദൈവതിരുമുമ്പിൽ കാനാൻകാരിയുടെതിന് സമാനമായ വിശ്വാസവും, ദൈവത്താൽ മുറിപ്പെടുത്തപ്പെടാത്ത ഹൃദയവും, ദൈവംമാത്രം ആശ്രയം എന്ന് ചിന്തിക്കുന്ന മനോഭാവവും നമുക്കുണ്ടായിരുന്നെങ്കിൽ!

ഫാ. ആന്റണി തറേക്കടവിൽ

www.sundaypulpit.in